# ഉത്തരങ്ങൾ

*1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് 2 ഉത്തരങ്ങൾ വീതം തെരെഞ്ഞെടുത്ത് എഴുതുക. (2 സ്കോർ)*

**1 . കാമുകന്റെ ഓർമ്മയിലെ പ്രണയാർദ്ര നിമിഷങ്ങൾ ആവിഷ്കരിക്കുന്ന പ്രയോഗങ്ങൾ സന്ദർശനം എന്ന കവിതയിൽ നിന്ന് എടുത്തെഴുതുക**

☑ കനകമൈലാഞ്ചി നീരിൽ തുടുത്ത നിൻ
വിരൽ തൊടുമ്പോൾ കിനാവു ചുരക്കുക

☑ പൊൻ ചെമ്പകം പൂത്ത കരൾ

**2 . കവിതയുടെ സ്വഭാവമായ രണ്ട് ആശയ സൂചനകൾ എഴുതുക**

☑ അർത്ഥത്തിനപ്പുറമുള്ളതാണ് കവിത

☑ അവ്യവസ്ഥിതത്വം കവി പ്രയോഗിക്കുന്ന സിംബലുകളിലുണ്ട്

**3 . "കേൾക്കുന്നുണ്ടോ" എന്ന ഹ്രസ്വ ചിത്രത്തിന് യോജിക്കുന്ന പ്രസ്താവനകൾ ഏതെല്ലാം?**

☑ കാഴ്ചശക്തി തീരെയില്ലാത്ത പെൺകുട്ടിയുടെ ഉൾക്കാഴ്ചയുടെ ആവിഷ്കാരം

☑ മികച്ച ബാലതാരത്തിനുള്ള ദേശീയ അവാർഡ്

**4 . ആൽ മരങ്ങളുടെ വേരുകൾ കണ്ടപ്പോൾ ലേഖകന് തോന്നിയത് എന്താണ് ?**

☑ ഭൂമിക്ക് വേരുകളിലൂടെ ആയിരിക്കാം ആകാശത്തെ തൊടാനാകുന്നത്

☑ ആകാശത്തു നിന്ന് ഇറങ്ങി വന്ന് ഭൂമിയെ തൊടുന്നപോലെ

**5 . അരുൾ ഇല്ലാത്ത മനുഷ്യൻ എന്തുപോലെയാണ് ?**

☑ മരുവിൽ പ്രവഹിക്കുന്ന അംബു പോലെ

☑ നിഷ്ഫല ഗന്ധപുഷ്പം പോലെ

*6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക (2 സ്കോർ)*

**6 . രക്ഷപ്പെടലിന്റെ സാധ്യത വിരളമാണ് എന്ന പ്രഖ്യാപനമാണോ മത്സ്യം എന്ന കവിത? സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക**

☑ പ്രതിരോധത്തിന്റെ പ്രതീകമായ മത്സ്യം എല്ലാ പ്രശ്നങ്ങളെയും തരണം ചെയ്ത് മുന്നേറുന്നതായാണ് കവിതയിൽ ടി പി രാജീവൻ അവതരിപ്പിക്കുന്നത്. ജീവിതത്തിൽ നമുക്കതിജീവിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ വിവിധങ്ങളാണ്. സാധ്യതകളുടെ വൈവിധ്യങ്ങൾ തേടേണ്ടുന്നതിന്റെ ആവശ്യകതയാണ് കവിത ഉന്നയിക്കുന്നതെന്ന് പറയാം. ' ചൂട്ടുപഴുത്ത സൂചിപ്പൊട്ട് ' അതിലൊരു സാധ്യതയാണ്.

**7 . 'പുറപ്പെട്ടേടത്താ–**
**ണൊരായിരം കാതമവൾ നടന്നിട്ടും ' ; – ഈ വരികൾ സൂചിപ്പിക്കുന്ന സ്ത്രീയവസ്ഥ എന്ത്?**

☑ സ്ത്രീ ജീവിതങ്ങളുടെ ഇന്നുവരെയുള്ള അവസ്ഥയെ സൂചിപ്പിക്കുന്നു. മനുഷ്യ ചരിത്രവും സ്വാതന്ത്ര്യബോധവും ഒരുപാടു മുന്നോട്ടു പോയെങ്കിലും പുരുഷാധിപത്യത്തിന്റെ മർദ്ദന ഉപകരണമായി ഇന്നുമവൾക്ക് നിൽക്കേണ്ടി വരുന്നു. മാറ്റമില്ല.

**8 . പ്രതികൂലമായ കാലാവസ്ഥകളിലും മനുഷ്യന് ആശ്രയമായിരുന്നു ശൈഖ് മുഹ് യുദ്ദീൻ അബ്ദുൾ ഖാദിർ ജീലാനി എന്ന സൂഫി ശ്രേഷ്ഠൻ. ഇതിനു തെളിവായുള്ള അദ്ദേഹത്തിന്റെ പ്രവൃത്തികൾ ചൂണ്ടിക്കാട്ടുക**

☑ ശൈഖ് ജീലാനിയുടെ അനുകമ്പയുടെയും വീരകൃത്യങ്ങളുടെയും ചരിത്രമാണ് മുഹ് യുദ്ദീൻ മാലയിലുള്ളത്. മനുഷ്യന് സംഭവിക്കാൻ പോകുന്ന അപകടങ്ങളെ സ്വപ്നരൂപത്തിൽ കാണിച്ചു കൊടുത്തും ആളുകളുടെ ദുഃഖം മനസ്സിലാക്കി കരിഞ്ഞമരത്തിൽ കായ്കൾ നിറച്ച് സന്തോഷിപ്പിച്ചും എല്ലാവർക്കും ആശ്രയമായി അദ്ദേഹം നിന്നു.

**9 . 'കൈപ്പാട്' എന്ന ഡോക്യുമെൻററി സിനിമ ആവിഷ്കരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളിൽ രണ്ടെണ്ണം എഴുതുക.**

☑ "കൈപ്പാട് ' നിലങ്ങളുടെ പാരിസ്ഥിതിക പ്രാധാന്യമാണ് ഈ ഡോക്യുമെന്ററി ചിത്രം പങ്കുവെക്കുന്നത്. പരസ്പരാശ്രിതരായി മനുഷ്യരും ജീവജാലങ്ങളും ജീവിക്കേണ്ടതിന്റെ അവബോധം സൃഷ്ടിക്കുന്നു. പ്രകൃതി എങ്ങനെ എല്ലാവർക്കും അന്നമായി മാറുന്നു എന്ന് ചിത്രീകരിക്കുന്നു.

*10 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (4 സ്കോർ)*

**10 . ഉയിരിൻകൊലക്കുടുക്കാക്കാവും കയറിനെ**
**യുഴിഞ്ഞാലാക്കിത്തീർക്കാൻ**
**കഴിഞ്ഞതല്ലേ ജയം!' – മാനവ ജീവിതത്തെക്കുറിച്ചുള്ള കവിയുടെ നിരീക്ഷണം ഈ വരികളിൽ പ്രതിഫലിക്കുന്നതെങ്ങനെയാണ്?**

☑ 'ഊഞ്ഞാലിൽ' എന്ന കവിതയിൽ ദാമ്പത്യത്തിന്റെ സൗന്ദര്യഭാവം ആവിഷ്കരിക്കുന്നതോടൊപ്പം ലോക മഹായുദ്ധകാലത്തിന്റെ ഭീകരതയും വിഷമതകളും തുടർച്ചയായി വരുന്നു. എന്നാൽ ജീവിതത്തിലെ സങ്കടങ്ങൾക്കു മുകളിൽ സന്തോഷത്തിന്റെ വിജയം ആണുണ്ടാകേണ്ടതെന്ന ദാർശനിക ചിന്തയാണ് വരികളിലൂടെ കവി പറയാൻ ശ്രമിക്കുന്നത്. മരണഭയത്തിൽ നിന്നുള്ള നിരാശയിൽ നിന്ന് പ്രതീക്ഷയുടെ പ്രത്യാശയിലേക്ക് വളർത്തുന്നതാണ്, ആത്മഹത്യക്കുള്ള ഉപകരണമായ കയറിനെ ആനന്ദത്തിനുള്ള ഉപാധിയാക്കി മാറ്റുക എന്നത്. ഇങ്ങനെ നമ്മുടെ മനോഭാവങ്ങളിൽ മാറ്റമുണ്ടാകണം. പരസ്പര സ്നേഹത്തിലൂടെ ജീവിതത്തിലെ കയ്പുകളെ മധുരതരമാക്കണമെന്ന സന്ദേശമാണ് ഈ വരികളിൽ പ്രതിഫലിക്കുന്നത്.

**11 . ' ക്ലോക് ടവറിന്റെ മുകളിൽ ചിരിച്ചുകൊണ്ടിരുന്ന മാലാഖ രക്തകണങ്ങളുതിർത്തുകൊണ്ട് ഒരു വെള്ളിൽ പക്ഷി കണക്കെ കറങ്ങിക്കറങ്ങി താഴെ വന്നു വീഴുന്നു '_ ഈ വാക്യത്തിലെ ഭാഷാപരമായ സൗന്ദര്യം വിശകലനം ചെയ്യുക**

hssMozhi

☑ അഗ്നിസാക്ഷി നോവലിന്റെ ഭാഗമായ ലാത്തിയും വെടിയുണ്ടയും എന്ന പാഠഭാഗത്തിൽ സ്വാതന്ത്ര്യ സമരകാലത്തിന്റെ നടുക്കുന്ന സന്ദർഭങ്ങൾ വിവരിക്കുന്നുണ്ട്. വീരവാനരസേനയിലെ അംഗങ്ങളും നാരീ സേവാസമിതി അംഗങ്ങളും രക്തസാക്ഷി സംഘത്തിലെ വീരയുവാക്കളും ചേർന്ന് മുദ്രാവാക്യം മുഴക്കിക്കൊണ്ട് ക്ലോക്ക് ടവറിനു സമീപം പട്ടാളക്കാരുമായി ഏറ്റുമുട്ടിയപ്പോൾ, വീരകുമാരനെന്ന കുട്ടി ക്ലോക്ക് ടവറിനു മുകളിൽ സ്വാതന്ത്ര്യ പതാകയുമേന്തി കയറുകയായിരുന്നു. ആ ചിത്രത്തെ അഭിമന്യുവിനോട് സാദൃശ്യപ്പെടുത്തുന്നു. പട്ടാളക്കാരുടെ വെടിയേറ്റ് താഴേക്ക് പതിക്കുമ്പോൾ പ്രയോഗിക്കുന്ന മുകളിലുള്ള വാക്യവും ആ സന്ദർഭത്തെ ഭാവതീവ്രമാക്കാൻ സഹായിക്കുന്നുണ്ട്. വാക്കുകൾ ധ്വനി സാന്ദ്രമാകുമ്പോൾ കഥാസന്ദർഭങ്ങൾക്ക് കൈവരുന്ന ഏകാഗ്രതയും ആഘാതവും  ഈ സന്ദർഭത്തിലും നമുക്ക് അനുഭവിക്കാം.

**12 . 'ആ കസേര അവിടെ സ്ഥിരമായി ഇട്ടിരിക്കുകയാണെന്നും അവർ അവിടെ സ്ഥിരമായി ഇരുന്നു പുസ്തകങ്ങൾ എടുക്കാറുണ്ടെന്നും പെൺകുട്ടിക്കു തോന്നി'. വൃദ്ധയുടെ നിത്യജീവിതത്തിൻ്റെ എന്തു സവിശേഷതയാണ് ഈ വാക്യത്തിലൂടെ വെളിപ്പെടുന്നത്?**

☑ 'ഓർമയുടെ ഞരമ്പ് ' എന്ന കഥയിലെ വൃദ്ധ ഇന്നുവരെയുള്ള സ്ത്രീജീവിതങ്ങൾക്കുണ്ടായ ദുരിതാനുഭവങ്ങളുടെ പ്രതീകമാണ്. വായനയും എഴുത്തും അതിലുള്ള സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ട കഥാപാത്രമാണ് അവർ.കഥ പറയാനിഷ്ടപ്പെടുന്ന, കഥ എഴുതാനിഷ്ടപ്പെടുന്ന, കഥ കേൾക്കാനിഷ്ടപ്പെടുന്ന മനസ്സാണ് പെൺകുട്ടിക്കുള്ളത്. കവിത എഴുതി വള്ളത്തോളിൻ്റെ അനുമോദനം ഏറ്റുവാങ്ങിയ വൃദ്ധയ്ക്ക് തൻ്റെ സ്വാതന്ത്ര്യം അടിയറ വെക്കേണ്ടി വരുന്നത് എം.പിയായ ഭർത്താവിൻ്റെ മുന്നിലാണ്. കഠിനാനുഭവങ്ങളിൽ നിന്നുണ്ടാകുന്ന സൃഷ്ടിക്ക് സാക്ഷ്യമാണ് പെൺകുട്ടികണ്ട കാഴ്ച. സ്വതന്ത്ര ചിന്തയ്ക്കാധാരമായ ജീവിതവൃത്തിയെ സൂചിപ്പിക്കുന്ന പ്രയോഗ സവിശേഷതയാണ് നമുക്ക് ഈ വാക്യത്തിൽ കാണാനാവുക.

**13 . ' എനിക്കൊരവസരം തരൂ ; ഞാൻ എന്താണ് നേടിയെടുത്തിരിക്കുന്നതെന്ന് കാണിക്കാം ' – സ്വപ്നങ്ങളെ യാഥാർഥ്യമാക്കുന്നതിൽ നിരന്തരമായ പരിശീലനത്തിനും സമർപ്പണത്തിനുമുള്ള പ്രാധാന്യം ജോനാഥന്റെ ജീവിതത്തെ മുൻ നിർത്തി വിലയിരുത്തുക**

hssMozhi

☑ റിച്ചാർഡ് ബാക്കിന്റെ അന്യാപദേശ സ്വഭാവമുള്ളതും ജനശ്രദ്ധ നേടിയെടുത്തതുമായ നോവലാണ് ജോനാഥൻ ലിവിങ്സ്റ്റൺ എന്ന കടൽക്കാക്ക. സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കുന്നതിന് നിരന്തരമായ പരിശീലനവും സമർപ്പണവും അതിപ്രധാനമായ ഒന്നാണ് എന്ന കാഴ്ചപ്പാട് കൂടി ഈ നോവൽ വിനിമയം ചെയ്യുന്നുണ്ട്. നമ്മളോരോരുത്തരും സ്വപ്നങ്ങൾക്ക് പിറകേ പറക്കാനാഗ്രഹിക്കുന്നവരാണ്. പക്ഷേ പലപ്പോഴും നമ്മളുടെ സ്വപ്നങ്ങളെ ഈ സമൂഹം അടിച്ചമർത്തുകയും എല്ലാവരും ചെയ്യുന്ന ചെറിയ കാര്യങ്ങളിൽ അഭിരമിക്കാൻ നിർബന്ധിക്കുകയും ചെയ്യും. അതിനെ മറികടക്കുകയാണ് ജോനാഥൻ. എല്ലാ കടൽ കാക്കകളേയും പോലെ ഇര തേടിപ്പിടിക്കാൻ ജോനാഥനായില്ല. കൂടുതൽ ഉയരത്തിൽ പറക്കുന്നവർക്ക് മാത്രമേ കൂടുതൽ ദൂരം കാണാനാവൂ എന്ന് വിശ്വസിച്ച ജോനാഥൻ അച്ഛനുമമ്മയും നിരുൽസാഹപ്പെടുത്തുമ്പോഴും തന്റെ ശ്രമം തുടരുകയും വിജയത്തിൽ എത്തിച്ചേരുകയുമാണ് ചെയ്യുന്നത്. വാസ്തവത്തിൽ ഇവിടെ മനുഷ്യരുടെ പ്രതിനിധിയാണ് ജോനാഥൻ. മനുഷ്യൻ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി സമൂഹത്തിന്റെ വിലക്കുകളെ ലംഘിക്കുക എന്നുള്ളതാണ്. അതിന് ഏറ്റവുമെളുപ്പം വ്യക്തിപരമായ സ്വപ്നങ്ങളെ സാമൂഹികമാക്കുക എന്നതും.

**14 .' പെയ്യുവാൻ പോകുന്ന കാർമേഘത്തെപ്പോലെ ഈ ഓർമ്മ എന്റെ അന്തരംഗം പൊട്ടുമാറ് വിങ്ങി നിൽക്കുന്നു' – ഏത് ഓർമ്മയെയാണ് എഴുത്തുകാരൻ സൂചിപ്പിക്കുന്നത് ?**

☑ മരണത്തെ അഭിമുഖീകരിക്കേണ്ടി വരുന്ന ഒരു വ്യക്തിയുടെ  അവസാന പിടച്ചിൽ അടയാളപ്പെടുത്തുന്ന രചനയാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ അനർഘനിമിഷം. നർമ്മവും സാധാരണത്വവും കലർന്ന ബഷീറിന്റെ തനതു  രീതിയിൽ നിന്ന് വേറിട്ട് ഭാവതീവ്രവും ദാർശനികവും കവിതയോടടുത്തു നിൽക്കുകയും ചെയ്യുന്ന ഒന്നാണ് അനർഘനിമിഷത്തിലെ ഭാഷാരീതി. ഒരു യാത്രയ്ക്കൊരുങ്ങി നിൽക്കുന്ന ഏകാകിയായ വ്യക്തിയെ നമുക്കിവിടെ കാണാം. താൻ അത്ര മാത്രം

സ്നേഹിക്കുന്ന പ്രപഞ്ചത്തിൽ നിന്ന് വേർപെടേണ്ടി വരുന്ന വേദനയാണ് അയാൾ അനുഭവിക്കുന്നത്. ഈ യാത്ര മരണത്തിലേയ്ക്കുള്ളതും. മരണത്തിലേയ്ക്കുള്ള യാത്രയ്ക്കുള്ള സമയം വളരെ അടുത്തു കഴിഞ്ഞു എന്ന തിരിച്ചറിവ് അയാളുടെ അന്തരംഗം പൊട്ടുമാറ് വിങ്ങി നിൽക്കുന്നുണ്ട്. ആ ഓർമ്മയെ പെയ്യുവാൻ പോകുന്ന കാർമേഘത്തെപ്പോലെ വിങ്ങി നിൽക്കുന്നു എന്നാണ് ബഷീർ വിശേഷിപ്പിക്കുന്നത്. ജീവിതത്തിന്റെ ക്ഷണികതയേയും പ്രപഞ്ചത്തിന്റെ അപാരതയേയും വിഷയമാക്കുന്ന ഈ രചന വായനക്കാർക്ക് ഒരു കവിത അനുഭവിക്കുന്നതിന് തുല്യമായ സുഖാനുഭൂതി പ്രദാനം ചെയ്യുന്നു. അതു കൊണ്ടു തന്നെ ഇതിനെ കവിതയാകാൻ വെമ്പുന്ന ഗദ്യം എന്ന് വിശേഷിപ്പിക്കുന്നത് തീർത്തും ഔചിത്യപൂർണവുമാണ്.

**15 . മാപ്പിളപ്പാട്ടിന്റെ ഈണവും നാട്ടുഭാഷയുടെ തനിമയും ചേർത്ത് രചിക്കപ്പെട്ട ഗാനമാണ് കായലരികത്ത് - സ്വാഭിപ്രായക്കുറിപ്പ് എഴുതുക**

☑ 1954-ൽ പുറത്തിറങ്ങിയ നീലക്കുയിൽ എന്ന സിനിമയിലെ ഗാനങ്ങളെല്ലാം തന്നെ ജാതി - മത ഭേദമന്യേ പാടി നടക്കുന്നതും മലയാളിത്തമുള്ളതും ലളിതസംഗീത രീതിയിലുള്ളതുമായിരുന്നു. അതു കൊണ്ട് തന്നെ സാമാന്യ ജനങ്ങളുടെയിടയിൽ ഇതിലെ ഗാനങ്ങൾ ഏറ്റവുമധികം ജനപ്രീതി നേടിയിട്ടുമുണ്ട്. പ്രത്യേകിച്ച് കായലരികത്ത്. ഗ്രാമീണ ബിംബ സമൃദ്ധിയാലും മാപ്പിളത്തനിമയാർന്ന പദാവലികളാലും പ്രാസമധുരമായ ഈരടികളാലും സമ്പന്നമാണ് ഈ ഗാനം. മാപ്പിളപ്പാട്ടിന്റെ ഗണത്തിൽപെടുന്ന ഒന്നാണ്. സംഗീതത്തിന് മാപ്പിളപ്പാട്ടിന്റെ ശീലുകളാണ് പ്രയോഗിച്ചിരിക്കുന്നതും. മതത്തിനുള്ളിൽ ഒതുങ്ങിക്കഴിഞ്ഞ പാട്ടിനേയും സംസ്കാരത്തേയും പൊതു ഇടത്തിൽ എത്തിക്കാൻ കഴിഞ്ഞതുകൊണ്ടുതന്നെ ഒരു സാംസ്കാരിക പ്രാധാന്യം കൂടി ഈ ഗാനത്തിനുണ്ട്. ഇനി ഗാനത്തിലെ ബിംബ കല്പന നോക്കൂ. കരളിനുരുളി, കയറു പൊട്ടിയ പമ്പരം, കമ്പൊടിഞ്ഞൊരു ശീലക്കുടയുടെ കമ്പി പോലെ വലിഞ്ഞ ഞരമ്പുകൾ ഇങ്ങനെയുള്ള പ്രയോഗങ്ങളൊക്കെത്തന്നെ നിത്യജീവിതത്തിന്റെ ഭാഗമായുണ്ടായ ഒന്നാണ്.

hssMozhi

**16 . വാസനാവികൃതിയിലെ നായകനായ കള്ളൻ മോഷണ രംഗത്ത് താൻ നവീനനാണ് എന്ന് പറയുന്നതിന്റെ കാരണമെന്ത്? കുറിപ്പെഴുതുക?**

☑ മലയാളത്തിലെ ലക്ഷണയുക്തമായ ആദ്യ ചെറുകയാണ് വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എഴുതിയ വാസനാവികൃതി. അതിലെ കേന്ദ്ര കഥാപാത്രമായ ഇക്കണ്ടക്കുറുപ്പ് കളവു രീതികളെ കുറിച്ച് വിവരിക്കുന്നുണ്ട്. രണ്ടു തരത്തിലാണ് കളവു രീതി - ഒന്ന് ദീവെട്ടിക്കൊള്ളയും , രണ്ട് ഒറ്റയ്ക്ക് പോയി കക്കലും. തെളിനായാട്ടും തെണ്ടി നായാട്ടും പോലെ. ആദ്യത്തേതിൽ കൂട്ടമായി കളവ് നടത്തലാണ്, കിട്ടുന്നത് പങ്കിട്ടെടുക്കും. എന്നാൽ തെണ്ടി നായാട്ടായ ഒറ്റയ്ക്ക് പോയി കളവ് നടത്തൽ എല്ലാ ദിവസവും എന്തെങ്കിലും കിട്ടുമെന്ന് ഉറപ്പില്ല എങ്കിലും കിട്ടുന്നത് ഒറ്റയ്ക്ക് അനുഭവിയ്ക്കാം. നാലാമച്ഛനായ ഇക്കണ്ടക്കുറുപ്പ് തെളിനായാട്ടിന്റെ ശീലക്കാരനായിരുന്നു. ഇക്കാര്യത്തിൽ താൻ നവീനനാണ് എന്ന് കഥാനായകൻ പറയുന്ന ഭാഗമാണ് പ്രസ്തുതം. പങ്കുകാരില്ലാതെ ഒറ്റയ്ക്കനുഭവിക്കുന്ന കളവിൽ രസം കണ്ടെത്തുന്ന നായകനെ ഇവിടെ നമുക്ക് കാണാം.

***17 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക (6 സ്കോർ)***

**17 . സാധാരണക്കാരന്റെ പ്രത്യാശകളും നൊമ്പരങ്ങളും ചിത്രീകരിക്കുന്ന സിനിമ എന്ന നിലയിൽ ബൈസിക്കിൾ തീവ്സിനെ വിശകലനം ചെയ്യുക ?**

☑ അഭ്രപാളികളിലെ മാന്ത്രിക സ്പർശം എന്നാണ് വിക്ടോറിയ ഡിസീക്കയുടെ ബൈസിക്കിൾ തീവ്സ് അറിയപ്പെടുന്നത്. രണ്ടാം ലോക മഹായുദ്ധത്തിന്റെ കെടുതികളിൽ ഒരു ജനത ദാരിദ്ര്യത്തിലും തൊഴിലില്ലായ്മയിലും, നിസ്സഹായരായ മനുഷ്യരായി മാറുകയും ഭരണവർഗ്ഗം സുഖലോലുപ ജീവിതം

നയിക്കുകയും ചെയ്തു എന്ന യാഥാർത്ഥ്യം അനുഭവിപ്പിക്കുന്ന ചിത്രമാണ് ബൈസിക്കിൾ തീവ്സ്. സാധാരണ ഒരു മനുഷ്യന്റെ പ്രത്യാശയുടേയും ദാരിദ്ര്യത്തിന്റെയും പ്രതീകമായി സൈക്കളിനെ സിനിമയിൽ അവതരിപ്പിക്കുന്നു. ദരിദ്രനായ അൻറ്റോണിയോ റിച്ചിയ്ക്ക് ഒരു ജോലി കിട്ടുന്നു. ആ തൊഴിലിന്റെ ആദ്യ ദിവസം തന്നെ അദ്ദേഹത്തിന്റെ സൈക്കിൾ മോഷണം പോകുന്നു. നഷ്ടപ്പെട്ട സൈക്കളിനേയും മോഷ്ടാവിനേയും അന്വേഷിച്ച് കഥാനായകനും മകനും പല ഇടത്തും എത്തുന്നു. മോഷ്ടാവിനെ കണ്ടെത്താൻ കഴിഞ്ഞെങ്കിലും സൈക്കിൾ വീണ്ടെടുക്കാൻ അവർക്കാകുന്നില്ല. മോഷ്ടാവിനോടൊപ്പം ആൾക്കൂട്ടം നില്ക്കുകയും റിച്ചി തിരസ്കൃതനാകുകയും ചെയ്യുന്നു. അവസാനം ഒരു സൈക്കിൾ മോഷ്ടിക്കുവാൻ റിച്ചി തീരുമാനിക്കുന്നു. എന്നാൽ മോഷണമെന്ന തൊഴിലിൽ ശീലമില്ലാത്ത റിച്ചി കൈയോടെ പിടിക്കപ്പെടുന്നു. ജയിൽ ശിക്ഷ അനുഭവിക്കുന്നതിനെക്കാൾ ക്രൂരമായ ശിക്ഷയാണല്ലോ തെറ്റിന്റെ പേരിൽ സമൂഹ മദ്ധ്യത്തിൽ പരിഹസിക്കപ്പെടുക എന്നത്. ഇവിടെ സൈക്കിൾ ഒരു കുടുംബത്തിന്റെ അതിജീവനത്തിന്റെ പ്രതീകമായി മാറുന്നു. ഹോട്ടലിൽ ഭക്ഷണം കഴിക്കവേ ശമ്പളവും അലവൻസുകളും കൂട്ടി ഒരു മാസത്തെ ചിലവ് കണക്കാക്കുന്ന റിച്ചിയും ബ്രൂണോയും യുദ്ധക്കെടുതിയിൽ നട്ടം തിരിയുന്ന ഓരോ സാധാരണക്കാരന്റെയും പ്രതീകമാണ്. സിനിമയിൽ നിരന്തരം കടന്നു വരുന്ന ദുരന്തങ്ങൾ ഒരു വശത്തും വീണ്ടെടുപ്പിന്റെ തീവ്ര പ്രതീക്ഷകളിലൂടെ റിച്ചിയും ബ്രൂണോയും മറുവശത്തും ശക്തമായി പോരടിക്കുന്നുണ്ട്. ഷേക്സ്പിയറിന്റെ ദുരന്ത നാടകങ്ങളെ ഓർമ്മിപ്പിക്കുന്ന സംഘർഷാവസ്ഥ സിനിമയിൽ ഡിസീക്ക അനുഭവിപ്പിക്കുന്നു.

ഭാവനയെക്കാളും യാഥാർത്ഥ്യം ജനത്തെ ഉദ്ബുദ്ധരാക്കുന്നു എന്ന ആശയം മുൻനിർത്തിയാണ് ഇറ്റലിയിൽ നിയോറിയലിസം ഉദയം ചെയ്തത്. യാഥാർത്ഥ്യ പ്രതീതിയില്ലാത്ത ഒറ്റ സംഭവമോ കഥാപാത്രമോ നമുക്ക് ബൈസിക്കിൾ തീവ്സിൽ കാണാൻ കഴിയില്ല. സാധാരണക്കാരന്റെ പ്രത്യാശകളും നൊമ്പരങ്ങളുമാണ് സോപ്പ് കുമിള വികാരങ്ങളെക്കാൾ മികച്ചതെന്ന് തിരിച്ചറിഞ്ഞ സംവിധായകനാണ് ഡിസീക്ക എന്നു പറയാം. സ്വാതന്ത്ര്യത്തിന്റെയും വിമോചനത്തിന്റെയും പ്രതീകമാണ് സൈക്കിൾ എങ്കിൽ ഈ സിനിമ ഇറ്റലിയുടെ വിമോചനപ്പോരാട്ടത്തിന്റെ കൊടിയാകുന്നു.

hssMozhi

**18 . പ്രമേയത്തിന്റെയും ആഖ്യാനത്തിന്റെയും സവിശേഷതകൾ കൊണ്ട് വേറിട്ടു നിൽക്കുന്ന ചെറുകഥയാണ് ശസ്ത്രക്രിയ – പ്രതികരിക്കുക.**

☑ കെ.പി. രാമനുണ്ണിയുടെ 'ശസ്ത്രക്രിയ' എന്ന കഥ മാതൃസ്നേഹത്തിന്റെ മഹത്വം ആവിഷ്കരിക്കുന്നു. ഗർഭപാത്രത്തിന്റെ അടിമയും ഉടമയുമാണ് അമ്മ. അതിന് മറ്റൊരവകാശിയുണ്ടെങ്കിൽ അത് മകൻ മാത്രമാണ്. അതു കൊണ്ടു തന്നെ അവർക്കിടയിലുള്ള ബന്ധം പവിത്രവും പകരം വെയ്ക്കാനില്ലാത്തതുമാണ്. വിലമതിക്കാനാകാത്ത ആ ബന്ധത്തിന്റെ വേറിട്ട കാഴ്ചയാണ് ശസ്ത്രക്രിയയിൽ ആവിഷ്കരിക്കുന്നത്.

ശസ്ത്രക്രിയയുടെ അന്തഃസത്ത തന്നെ മാതൃസ്നേഹത്തിന്റെ തീവ്രതയും വൈകാരികതയുമാണ്. ഗർഭപാത്രം എന്നത് അമ്മയെയും മകനെയും ഒന്നിപ്പിക്കുന്ന അവയവമാണ്. തന്റെ അസ്തിത്വത്തിന്റെ ഭാഗമായ ഗർഭപാത്രം നഷ്ടപ്പെടുന്നതിന്റെ ആധിയായിരിക്കാം അമ്മയെ പഴയ കാലത്തിലേയ്ക്ക് നടത്തുന്നത്. ഗർഭപാത്രം നീക്കം ചെയ്യുന്ന ഓപ്പറേഷൻ തീരുമാനിച്ചതോടെ അമ്മയുടെ പെരുമാറ്റത്തിൽ പ്രകടമായ മാറ്റങ്ങൾ വരുന്നു. പിഴച്ച് പോകുമെന്ന് ഭയന്ന് മകന് ബാല്യത്തിൽ കൊടുക്കാൻ വിസമ്മതിച്ച ലാളനയും വാത്സല്യവുമെല്ലാം മധ്യ വയസിലെത്തിയ മകന് പകരുന്നു. പതിവില്ലാത്ത വിധമുള്ള അമ്മയുടെ സ്നേഹപ്രകടനങ്ങളെ ഏറ്റവും കാരുണ്യത്തോടെ മകൻ മനസ്സിലാക്കുന്നു. അമ്മ ഭൂതകാലം ബോധപൂർവ്വം പുനഃസൃഷ്ടിക്കുകയാണെന്ന് തിരിച്ചറിയുന്ന സീനിയർ സർജനായ മകൻ ആ സ്നേഹ ലാളനങ്ങൾക്ക് വഴങ്ങുകയാണ്. മാതൃപുത്രബന്ധത്തിന്റ ഈ ഇഴമുറുക്കമാണ് പ്രമേയപരമായി ശസ്ത്രക്രിയയെ മികച്ച കഥയാക്കുന്നത്.

മധ്യ വയസിലെത്തിയ മകന്റെ കാഴ്ചയിലൂടെയാണ് അമ്മയുടെ മാനസിക സംഘർഷങ്ങൾ വായനക്കാരിലെത്തുന്നത്. ചെറുപ്പത്തിലേ വിധവയായ അമ്മയുടെ ജീവിതവും അമ്മത്തണലിൽ ചിട്ടയായി വളർന്ന മകന്റെ ജീവിതവും മകന്റെ ഓർമ്മയിലൂടെ വെളിവാകുന്ന ആഖ്യാനം കഥയ്ക്ക് നല്ല ഇഴമുറുക്കം നൽകുന്നു. പ്രമേയത്തിലും ആഖ്യാനത്തിലും ഉള്ള വ്യത്യസ്തതയാണ് ശസ്ത്രക്രിയ എന്ന കഥയെ തീവ്രാനുഭവമാക്കുന്നത്.

**19 . പ്രതികൂല സാഹചര്യങ്ങളും പ്രതിസന്ധികളും തരണം ചെയ്ത് ആധുനിക മനുഷ്യൻ നടത്തുന്ന നിരന്തരയാത്രയാണ് മത്സ്യം എന്ന കവിത ആഖ്യാനം ചെയ്യുന്നത്. വിലയിരുത്തുക.**

☑ അതിജീവനത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും പ്രശ്നം അവതരിപ്പിക്കുന്ന ടി.പി. രാജീവന്റെ ' മത്സ്യം ' എന്ന കവിത സമകാലിക മലയാള കവിതയ്ക്ക് മികച്ച മാതൃകയാണ്. കടലാണ് മത്സ്യത്തിന്റെ ജൈവികമായ ലോകം. തിളയ്ക്കുന്ന കടലിൽ അതിജീവനത്തിനായി നിരന്തരം ശ്രമിക്കുകയാണ് മത്സ്യം. സമൂഹമെന്ന സംഘർഷഭരിതമായ വലിയ കടലിലെ ഒറ്റയാനായ വ്യക്തിയായി മത്സ്യത്തെ വായിച്ചെടുക്കാം.

വലക്കണ്ണികൾ, ചൂണ്ടക്കൊളുത്തുകൾ, വായ്ത്തലകൾ തുടങ്ങിയ കെണികൾക്കും ചതികൾക്കും പിടികൊടുക്കാതെ സ്വതന്ത്രവും ജൈവികവുമായ നിലനില്പിന് വേണ്ടി മത്സ്യം പൊരുതിക്കൊണ്ടേയിരിക്കുന്നു. ആധുനിക സാമൂഹിക വ്യവസ്ഥിതി മനുഷ്യന്റെ സ്വാഭാവികമായ നിലനില്പുപോലും അനുവദിക്കാതെ അവനെ നിസ്സാരനാക്കി മാറ്റുന്നു. അധികാരവും മതവും രാഷ്ട്രീയവും നിയന്ത്രിക്കുന്ന സാമൂഹിക വ്യവസ്ഥയിൽ വ്യക്തി നിസ്സാരനും നിസ്സഹായനുമാണ്. പക്ഷേ അവന് തന്റെ സ്വാതന്ത്ര്യം അങ്ങേയറ്റം പ്രധാനവുമാണ്. അതുകൊണ്ട് തന്നെ അതിജീവനത്തിന് വേണ്ടി, തന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി ഒറ്റയ്ക്ക് പൊരുതുകയല്ലാതെ അഭിമാന ബോധമുള്ള മനുഷ്യന് മറ്റൊന്നും കഴിയില്ല. മത്സ്യത്തിന്റെ പോരാട്ടവും അതാണ് സൂചിപ്പിക്കുന്നത്.

മത്സ്യം എന്ന കവിതയിലെ മത്സ്യത്തെ പോലെ ദുർബലരെന്നും നിസ്സാരരെന്നും കരുതുന്നവരുടെ പോരാട്ടങ്ങൾ ലക്ഷ്യം കാണുക തന്നെ ചെയ്യും. കാരണം അവർക്ക് നഷ്ടപ്പെടാൻ സ്വാതന്ത്ര്യമല്ലാതെ ഒന്നുമില്ല. അത്തരത്തിൽ പ്രതികൂലസാഹചര്യങ്ങളും പ്രതിസന്ധികളും തരണം ചെയ്ത് നിരന്തരമായ യാത്ര നടത്തുന്ന ആധുനിക മനുഷ്യന്റെ പ്രതീകമാണ് മത്സ്യം. തികച്ചും വ്യത്യസ്തമായ അർത്ഥ സാദ്ധ്യതകൾ കൂടി ഉള്ള കവിതയാണ് മത്സ്യം. എം.എൻ വിജയൻ പറഞ്ഞതു പോലെ ഈ ബഹുവർത്ഥസാദ്ധ്യതയാണ് മത്സ്യം എന്ന കവിതയെ മികച്ച കവിതയാക്കുന്നത്.

**20 . പ്രണയവും സ്ത്രീയുടെ നോവും ഒരേ കാവ്യബിംബത്തിലൂടെ വ്യത്യസ്തമായി ആവിഷ്കരിക്കുന്ന കവിതകളാണ് ' സന്ദർശനവും' ' സംക്രമണവും' – വിശകലനക്കുറിപ്പ് തയ്യാറാക്കുക.**

<u>**സൂചന**</u>

**' കുങ്കുമത്തരി പുരണ്ട ചിദംബര സന്ധ്യകൾ (സന്ദർശനം)**

**' ചലവും ചോരയുമൊലിക്കും സന്ധ്യയിൽ ' ( സംക്രമണം )**

☑ ഭാഷയിലും ബിംബകല്പനകളിലും വേറിട്ടു നിൽക്കുന്ന രണ്ട് കവികളാണ് ബാലചന്ദ്രൻ ചുള്ളിക്കാടും ആറ്റൂർ രവിവർമ്മയും. അനുഭവത്തിന്റെ തീക്ഷ്ണത നിറഞ്ഞ കവിതകളാണ് ചുള്ളിക്കാടിന്റേത്. പൊള്ളിക്കുന്ന, മുറിവേൽപ്പിക്കുന്ന അനുഭവമായി കവിത മാറുന്നുണ്ട്. കാതലുള്ള ഉള്ളടക്കവും കരുത്തുറ്റ ഭാഷയുമായി കാവ്യലോകത്തെ നിറസാന്നിധ്യമായിരുന്നു ആറ്റൂർ.

സന്ദർശനത്തിലും സംക്രമണത്തിലും ഒരേ കാവ്യബിംബത്തിലൂടെ പ്രണയവും സ്ത്രീയുടെ നോവും വ്യത്യസ്തമായി ആവിഷ്കരിച്ചിരിക്കുന്നു. സന്ധ്യയെയാണ് വർണ്ണനാ വസ്തുവായി എടുത്തിരിക്കുന്നത്. സന്ദർശനത്തിലെ സന്ധ്യാ പ്രയോഗം പ്രണയത്തിന്റെ തീവ്രത സൂചിപ്പിക്കുന്നു. നിന്റെ കുങ്കുമത്തരി പുരണ്ട ചിദംബര സന്ധ്യകൾ എന്നതിലൂടെ പ്രണയിതാവിന്റെ മനസ്സാകുന്ന ആകാശത്തെ പ്രണയിനി വർണാഭമാക്കിയ കാഴ്ച കാണാം. സന്ധ്യാകാശം വർണ്ണശബളിതമാണ്. ഏറെ മനോഹരമാണ് ആ കാഴ്ചാനുഭവം, പ്രണയം നിറഭംഗിയിൽ ചാലിച്ച് വായനക്കാരിലും എത്തിച്ചിരിക്കുന്നു ചുള്ളിക്കാട്. തികച്ചും വ്യത്യസ്തമായ ആവിഷ്കാരമാണ് സംക്രമണത്തിൽ. നൂറ്റാണ്ടുകളായി നിശബ്ദരാക്കപ്പെട്ട, അടിമ ജീവിതം നയിക്കുന്ന സ്ത്രീ ജീവിതം – അതിനൊരു ഉചിതമായ ദശാന്തര പ്രാപ്തിയാണ് നൽകുന്നത്. സന്ധ്യാകാശച്ചുവപ്പ്, മനോഹാരിത നിറഞ്ഞ ദൃശ്യമാണെങ്കിൽ ഇവിടെ ചോരയും ചലവുമൊലിക്കുന്ന കാഴ്ചയായി മാറുന്നു. സ്ത്രീയുടെ നോവാണ് ഇത്തരത്തിൽ ചിത്രീകരിക്കുന്നത്. സൗന്ദര്യ സൂചകമായ വർണ്ണനകളിലേയ്ക്കല്ല അറപ്പുളവാക്കുന്ന അനുഭവത്തിലേയ്ക്കാണ് എത്തിച്ചേരുന്നത്.

**21 . ചിറ്റാടയുണ്ടു ഞാൻ പെട്ടകം തന്നുള്ളിൽ**
**മറ്റാരും കാണാതെ വച്ചു പോന്നു**
**ഊനപ്പെട്ടില്ലല്ലീയെന്നതേ ചിന്തിച്ചു**

hssMozhi

**ദീനമാകുന്നതെന്മാനസത്തിൽ – കൃഷ്ണഗാഥയുടെ രചനാപരമായ സവിശേഷതകൾ ഈ വരികളെ മുൻനിർത്തി വിശദീകരിക്കുക?**

☑ പ്രാചീന ചരിത്രത്തിന്റെ മുദ്രയുള്ള കവിതയാണ് ചെറുശ്ശേരിയുടെ കൃഷ്ണഗാഥ. പതിനഞ്ചാം നൂറ്റാണ്ടിൽ വിരചിതമായ കൃഷ്ണഗാഥ, ഗാഥാ പ്രസ്ഥാനത്തെ സമ്പന്നമാക്കിയ കാവ്യമാണ്. വർണ്ണനകളാലും ശബ്ദാർത്ഥാലങ്കാര കല്പനകളാലും സമൃദ്ധം.

സംഗീതാത്മകത ഏറെ പുലർത്തുന്ന കാവ്യമാണിത്. കൃഷ്ണന്റെ ബാല്യകാലാനുഭവങ്ങളുടെ ഹൃദ്യമായ ആവിഷ്കാരം കാണാം. നിലവിൽ മഥുരാപുരിയിലെ രാജാവാണ് കൃഷ്ണൻ. എല്ലാവിധ സുഖ സൗകര്യങ്ങളും പ്രാപ്യമാണ്. എന്നിട്ടും ശൈശവകാലം മുതലുള്ള ഓരോ ചെറു കാര്യങ്ങളും ഓർത്തെടുക്കുന്നു. കരുതലോടെ കാത്ത് സൂക്ഷിച്ചിരിക്കുന്നു. അവ നഷ്ടപ്പെടുക, കേടു വരിക എന്നത് ചിന്തിക്കുന്നത് പോലും വേദനാജനകമായ അനുഭവമായി മാറുന്നു. പെട്ടകത്തിലെ സൂക്ഷിപ്പുകളിലൊന്ന് ചിറ്റാടയാണ്. അത് കേട് വരുമോ എന്ന കൃഷ്ണന്റെ വേവലാതി അമ്പരപ്പുണ്ടാക്കുന്നു. മഥുരാപുരിയുടെ രാജാവായ കൃഷ്ണൻ, ഗൃഹാതുര സ്മരണകളെ ഹൃദയത്തോട് ചേർത്ത് വയ്ക്കുന്ന നാട്ടു മനുഷ്യനായി മാറുകയാണിവിടെ. ആശയത്താലും അലങ്കാര കല്പനകളാലും സമ്പുഷ്ടമാണ് രചന. ചിറ്റാട, മറ്റാരും, ഊനപ്പെടുക, ദീനമാകുക –ഈ ഭാഗങ്ങളിലെ ശബ്ദാലങ്കാര പ്രയോഗങ്ങളിലൂടെ താളത്തിനും സംഗീതത്തിനും നൽകുന്ന പ്രാധാന്യം ഏറെയാണ്. ലളിതമായ പദപ്രയോഗങ്ങൾ, പഴമയുടെ ചാരുത, താളത്തിന് ഊന്നൽ നൽകുന്ന ശബ്ദാലങ്കാരങ്ങൾ ഇങ്ങനെ പോകുന്നു രചനാപരമായ സവിശേഷതകൾ.

**22 . തേതിയേടത്തി എന്ന ദേവകി മാനമ്പള്ളിക്ക് സ്വാതന്ത്ര്യ സമരഘട്ടത്തിലെ ഇന്ത്യൻ സ്ത്രീയുടെ ഏത് മുഖമാണുള്ളത്? പ്രതികരിക്കുക**

☑ മലയാള നോവൽ സാഹിത്യത്തിൽ അനന്യ സ്ഥാനത്തിന് അർഹമായ കൃതിയാണ് ലളിതാംബിക അന്തർജ്ജനത്തിന്റെ അഗ്നിസാക്ഷി. കേരളീയ നവോത്ഥാന മുന്നേറ്റത്തിലും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലും സ്ത്രീസ്വത്വത്തെ അടയാളപ്പെടുത്തിയ രചനയാണിത്.

ത്യാഗപൂർണമായി ജീവിച്ച് അന്യരുടെ നന്മ ലക്ഷ്യമാക്കുന്നവരും സ്വന്തം സുഖമൊന്നും നഷ്ടപ്പെടുത്താനാവാതെ സ്വാർത്ഥതയുടെ ലഹരിയിൽ മുഴുകുന്നവരും എക്കാലത്തും സമൂഹത്തിലുണ്ടായിരുന്നു. പ്രത്യേകിച്ചും സ്ത്രീകളെ സംബന്ധിച്ച് കുടുംബമായിരുന്നു അവരുടെ ലോകം. ഭർത്താവിന്റെയും മക്കളുടെയും സുഖമായിരുന്നു അവരുടെ ലക്ഷ്യം. സ്വാർത്ഥതയുടെ സുഖഭോഗങ്ങളിൽ മുഴുകി കുടുബത്തിന്റെ കെട്ടുപാടുകളിൽ ജീവിക്കാൻ തേതിക്കുട്ടിക്ക് കഴിയുമായിരുന്നില്ല. ആചാരങ്ങളോടും അവഗണനകളോടും പ്രതിഷേധിച്ച് ജീവിതം തന്നെ കലാപമാക്കി മാറ്റുകയായിരുന്നു അവർ. സമുദായപരിഷ്കരണ ശ്രമങ്ങളിലും സ്വാതന്ത്ര്യ സമരത്തിലും അവർ സജീവമായി. ഗാന്ധിജിയോടൊപ്പം ദേവിബഹൻ എന്ന പേരിൽ സാമൂഹിക സേവനത്തിൽ പങ്കാളിയായി. സുമിത്രാനന്ദ എന്ന പേര് സ്വീകരിച്ച് സന്യാസിനിയായി. രാജ്യസ്നേഹവും മനുഷ്യസ്നേഹവും അവരിൽ ഒരുപോലെ അലിഞ്ഞു ചേർന്നിരുന്നു.

ഒരു സാധാരണ കുടുംബിനിയായി ഒതുങ്ങി സ്വയം ജീവിച്ചു മരിക്കാൻ അവർക്കാവുമായിരുന്നില്ല. സ്വാതന്ത്ര്യാനന്തരം സഹന ജീവിതത്തിന്റെ വേതനം പറ്റാനും അവർ തയ്യാറാവുന്നില്ല. മാനവസേവയുടെ വഴിയിൽ സ്വയം സമർപ്പിക്കുന്ന അവർ സ്വന്തം രാജ്യത്തെ മാതൃതുല്യം കണ്ട് സഹജീവികൾക്കായി ജീവിച്ച നിസ്വാർത്ഥതയുടെ ഉത്തമപ്രതീകമായിരുന്നു.

**23 . വാസനാവികൃതിയിൽ കാണുന്ന ദീർഘമായ വിവരണങ്ങൾ ചെറുകഥ എന്ന രൂപത്തിന്റെ ശില്പഭംഗിയ്ക്ക് തടസ്സമാകുന്നുണ്ടോ? വിശകലനം ചെയ്യുക**

☑ മലയാളത്തിലെ ആദ്യത്തെ ചെറുകഥയായി പരിഗണിക്കപ്പെടുന്ന കൃതിയാണ് വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ വാസനാവികൃതി. ആദ്യകാലത്തുണ്ടായ മറ്റ് കഥകളെ പോലെ ഇതിന്റെയും ലക്ഷ്യം രസിപ്പിക്കലായിരുന്നു. അതിശയോക്തി കലർന്ന അവതരണവും അന്തർലീനമായ ഹാസ്യവും പഴഞ്ചൊല്ലുകളുടെയും ശൈലികളുടെയും ഉപയോഗവും അന്നത്തെ വ്യവഹാരഭാഷയോടടുത്തുനിൽക്കുന്ന ആഖ്യാനരീതിയും ഈ കഥയുടെ പ്രത്യേകതകളാണ്. പിറവിയെടുത്ത് നൂറ്റിമുപ്പത് വർഷം കഴിഞ്ഞിട്ടും വാസനാവികൃതി മികച്ച വായനാനുഭവമാകുന്നത് അതുകൊണ്ടാണ്.

ആദ്യകാല കഥകളിലെ പതിവ് വിഷയങ്ങളായ അമളി, കോടതി വ്യവഹാരം, കളവ്, കുറ്റാന്വേഷണം, ഏറ്റുപറച്ചിലുകൾ തുടങ്ങി പ്രമേയപരമായ പല സവിശേഷതകളും 'വാസനാവികൃതി' ഉൾക്കൊള്ളുന്നു. സ്വയം പരിഹസിക്കുന്ന രീതിയിൽ ഇക്കണ്ടക്കുറുപ്പെന്ന കള്ളൻ സ്വന്തം കഥ പറയുന്ന രീതിയാണ് ആഖ്യാനത്തിന് സ്വീകരിച്ചിരിക്കുന്നത്.

കഥയുടെ ആസ്വാദ്യത വർധിപ്പിക്കാനായി പഴഞ്ചൊല്ലുകളും ശൈലികളും ഉപയോഗിക്കുന്നത് ആദ്യ കാല കഥകളുടെ പൊതുസ്വഭാവമാണ്. പക്ഷേ പലപ്പോഴും അവ കഥയുടെ കെട്ടുറപ്പിനെയും ഏകാഗ്രതയെ ബാധിക്കാറുണ്ട്. വാസനാവികൃതി എന്ന കഥയിൽ ഉപയോഗിച്ച ശൈലികളും പഴഞ്ചൊല്ലുകളും കഥയുടെ രസനീയത കൂട്ടിയിട്ടുണ്ടെങ്കിലും കഥയുടെ ഏകാഗ്രത നഷ്ടപ്പെടുത്തുന്നുണ്ട്. കള്ളന്റെ പാരമ്പര്യത്തെക്കുറിച്ച് ദീർഘമായ വിവരണങ്ങളാണ് കഥയിൽ ഉപയോഗിച്ചിരിക്കുന്നത്. ചെറുകഥ സംക്ഷിപ്തവും ഏകാഗ്രവും ആയിരിക്കണമെന്ന ഇന്നത്തെ കാഴ്ചപ്പാടിൽ ഇത് വാസനാവികൃതിയുടെ ദൗർബല്യമാണ്. കല്യാണിക്കുട്ടിയെ സ്വപ്നം കണ്ട് ഞെട്ടിയുണർന്ന് "ഏക സംബന്ധി ജ്ഞാനമപരസംബന്ധിസ്മാരകമെന്ന ന്യായേന" ഇത്തരത്തിലുള്ള പ്രയോഗങ്ങളും അവസാനഭാഗത്തെ സംസ്കൃത ശ്ലോകവും കഥയുടെ ഘടനാപരമായ ദൗർബല്യം തന്നെയാണ്. പക്ഷേ ആദ്യ മാതൃക എന്ന നിലയിൽ ഈ പരിമിതികൾ ഒന്നും ആ കഥയുടെ മാറ്റ് കുറയ്ക്കുന്നില്ല.

*24 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (8 സ്കോർ)*

**24 . സിനിമകൾ ജനപ്രിയത ആർജ്ജിക്കുന്നതിനു കാരണമായി ലേഖകൻ ചൂണ്ടിക്കാട്ടുന്ന വസ്തുതകൾ വിശകലനം ചെയ്യുക**

☑ ജനസമ്മതിയ്ക്കുവേണ്ടി സിനിമകൾ സ്വീകരിക്കുന്ന തന്ത്രങ്ങളെയും അവയുടെ അടിസ്ഥാനഘടനയെയും അപഗ്രഥിയ്ക്കുന്ന ലേഖനമാണ് ഒ.കെ.ജോണിയുടെ " സിനിമയും സമൂഹവും". ജനപ്രിയസിനിമകൾ സമൂഹത്തിലെ പ്രബലമായ താല്പര്യങ്ങളെ വെളിപ്പെടുത്തുന്നുവെന്നും ; ഒരു സമൂഹത്തിന്റെ അടക്കിവച്ച ചോദനകളേയും ആഗ്രഹങ്ങളേയും ഇത്തരം സിനിമകളെ വിശകലനം ചെയ്യുന്നതിലൂടെ കണ്ടെത്താമെന്നും ഈ ലേഖനം സമർത്ഥിയ്ക്കുന്നു.

ജനപ്രിയ സംസ്കാരത്തിന്റെയും കലകളുടെയും വികാസം പ്രാഥമികമായും ബഹുജനം എന്ന സങ്കല്പത്തിൽ നിന്നാണ് ആരംഭിയ്ക്കുന്നത്. വലിയൊരു വിഭാഗം ജനങ്ങളുടെ സൗന്ദര്യാനുഭവങ്ങളെയും ഭാവുകത്വത്തെയും സൃഷ്ടിക്കുന്നതും തൃപ്തിപ്പെടുത്തുന്നതും ബഹുജന സംസ്കാരവും കലകളുമാണ്. ഒരുപാടുപേർ ഇഷ്ടപ്പെടുന്നത്, ജനങ്ങളുടെ പ്രീതിപറ്റാൻ രൂപപ്പെടുത്തുന്നത് എന്നിങ്ങനെ ജനപ്രിയതയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിൽ വ്യത്യസ്ത അഭിപ്രായമുണ്ട്. ജനപ്രിയ സംസ്കാരത്തെ വിപണിസംസ്കാരം എന്നാണ് ചിലർ അർത്ഥമാക്കുന്നത്. മനുഷ്യൻ കണ്ടുപിടിച്ചവയിൽ വച്ച് ഏറ്റവും ജനസമ്മതിയാർജ്ജിച്ച സംസ്കാര രൂപമാണ് സിനിമ എന്ന് റെയ്മണ്ട് വില്യംസ് നിരീക്ഷിക്കുന്നുമുണ്ട്.

ജനപ്രിയസിനിമകൾ പ്രേക്ഷക സമൂഹത്തിന്റെ ചില മാനസികാവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതു കൊണ്ടാണ് അവ ജനങ്ങളുമായി ബന്ധം സ്ഥാപിക്കുന്നത്. അവ സ്വപ്നാവസ്ഥയിലുള്ള ആഗ്രഹങ്ങളെ യഥാതഥമായി അവതരിപ്പിക്കുന്നു. പ്രേക്ഷകർക്ക് ജീവിതത്തിൽ സാക്ഷാത്കരിക്കാനാകാത്ത അഭിലാഷങ്ങളെ അവ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു. ഓരോ കാലത്തും സംഭവിക്കുന്ന സാമൂഹിക–രാഷ്ട്രീയ–സാമ്പത്തിക പരിണാമം സിനിമകളുടെ പ്രമേയമാകുന്നതിലൂടെ പ്രേക്ഷകർ അത്തരം സിനിമകളുമായി പെട്ടെന്ന് താതാത്മ്യം പ്രാപിക്കാൻ സാധിക്കുന്നു.

ജനപ്രിയസിനിമകൾ അവലംബിയ്ക്കുന്ന നാടോടികഥാ ഘടനകളുടെയും ആദിപ്രരൂപങ്ങളുടെയും പ്രത്യക്ഷ സാന്നിദ്ധ്യം പ്രേക്ഷകരെ അവയിലേയ്ക്ക് ആകർഷിക്കുന്നുണ്ട്. ജീവിതത്തിൽ പ്രാപ്യമാകാത്ത സുഖങ്ങളും അമർത്തപ്പെട്ട വാസനകളും മോഹങ്ങളും അയഥാർത്ഥ്യമായി സാക്ഷാത്കരിക്കാൻ അവ സഹായിക്കുന്നു. പാട്ടുകളും സംഘട്ടനങ്ങളും നൃത്തരംഗങ്ങളും താരാരാധനയും സിനിമയുടെ ജനപ്രിയതയ്ക്ക് കാരണമാകുന്നു. നായകനിലൂടെ തന്റെ തന്നെ ഉള്ളിലുള്ള ആഗ്രഹത്തിന്റെ പൂർത്തീകരണം നടത്തി പ്രേക്ഷകൻ സംതൃപ്തനാകുന്നു. നന്മയ്ക്കു വേണ്ടി നിലകൊള്ളുന്നതുമൂലം പലവിധ സഹനങ്ങളും പരാജയങ്ങളും ഏറ്റുവാങ്ങി ഒടുവിൽ അവയെ അതിജീവിക്കുന്ന നായക ( Victimised Hero ) കഥാപാത്രങ്ങളെയാണ് ജനപ്രിയസിനിമകളിൽ കാണുന്നത്.

hssMozhi

എല്ലാ ഇന്ത്യൻഭാഷകളിലേയും ജനപ്രിയ സിനിമകളിലെ മുഖ്യ പ്രതിപാദ്യം കുടുംബം ആണ്. എന്തുകൊണ്ടെന്നാൽ വൈചാരികമായല്ല, വൈകാരികമായാണ് പ്രേക്ഷകർ സിനിമകളെ സമീപിക്കുന്നത് എന്ന തിരിച്ചറിവ് നിർമ്മാതാക്കൾക്കുണ്ട്. അതുകൊണ്ടുതന്നെ കുടുംബം, ദാമ്പത്യം തുടങ്ങിയവയെ സംബന്ധിച്ച പതിവു ഫോർമുലകളിൽ നിന്ന് ജനപ്രിയ സിനിമകൾ വ്യതിചലിക്കാറില്ല. വാർപ്പ് മാതൃകയിലുള്ള കഥാപാത്രങ്ങളും ടൈപ്പ് ഇതിവൃത്തങ്ങളും ഇത്തരത്തിൽ സിനിമകളെ ജനപ്രിയമാക്കുന്നതിന് കാരണമായിത്തീരുന്നു എന്ന് ലേഖകനായ ഒ.കെ ജോണി ചൂണ്ടിക്കാട്ടുന്നു.

**25 . സ്ത്രീ ഒരു നിശബ്ദ ജീവിയായിരിക്കണം എന്ന സാമൂഹികമായ കാഴ്ചപ്പാട് ഓർമ്മയുടെ ഞരമ്പ്, സംക്രമണം എന്നീ പാഠങ്ങൾ വിമർശന വിധേയമാക്കുന്നുണ്ടോ? സ്വാഭിപ്രായം രൂപീകരിക്കുക.**

**<u>സൂചന</u>**

**" ഒച്ചയെടുക്കാതെ പെണ്ണേ ..." വൃദ്ധ സൗമ്യതയോടെ ശാസിച്ചു ( ഓർമ്മയുടെ ഞരമ്പ് )**

**" ഒരു നിശ്ശബ്ദമാം<br>മുറിവിൻ വക്കുകളതിന്റെ ചുണ്ടുകൾ " ( സംക്രമണം )**

☑ ചരിത്രത്തിൽ സ്ത്രീയുടെ സാന്നിധ്യവും പ്രാധാന്യവും വേണ്ടവിധം രേഖപ്പെടുത്തപ്പെട്ടിട്ടില്ല എന്ന തിരിച്ചറിവിൽ നിന്നാണ് ആറ്റൂരിന്റെ "സംക്രമണ"വും കെ.ആർ.മീരയുടെ "ഓർമ്മയുടെ ഞരമ്പും" പിറവിയെടുക്കുന്നത്. സമൂഹഘടനയിൽ ഗുണപരമായ മാറ്റങ്ങൾ പലതുമുണ്ടാക്കുകയും ജനാധിപത്യബോധം കൂടുതൽ പ്രബലമാകുകയും ചെയ്തെങ്കിലും സ്ത്രീയുടെ സാമൂഹ്യപദവിയിൽ ഒരു കാതലായ മാറ്റവുമുണ്ടായില്ല എന്ന വിഷയമാണ് ഈ സാഹിത്യ സൃഷ്ടികൾ ചർച്ചചെയ്യുന്നത്.

സ്ത്രീ വിമോചനത്തിന്റെ അനുഭവങ്ങളെ രണ്ടു തലമുറകളുടെ പ്രതിനിധികളായ വൃദ്ധയിലൂടെയും പെൺകുട്ടിയിലൂടെയും മീര അവതരിപ്പിക്കുമ്പോൾ ; ആറ്റൂർ, സ്ത്രീ വർത്തമാന ദുരിതസ്ഥിതിയിൽ നിന്ന് നാളെകളിൽ എങ്ങനെ മാറണം എന്ന് നിർദ്ദേശിക്കുന്നു. ഒരു നിശ്ശബ്ദമാം മുറിവിൻ വക്കുകളതിന്റെ ചുണ്ടുകൾ എന്ന് സംക്രമണം എന്ന കവിതയിലെ വരികളിലൂടെ സ്ത്രീയുടെ നിശ്ശബ്ദ ജീവിതാവസ്ഥ ചൂണ്ടിക്കാട്ടുന്നുണ്ട്. എന്നാൽ ഒച്ചയെടുക്കാതെ പെണ്ണേ എന്ന പത്മാവതിയോടുള്ള വൃദ്ധയുടെ സൗമ്യമായ ശാസന വാർദ്ധക്യത്തെ തിരിച്ചറിയാത്ത ഒരു തലമുറയോടുള്ള താക്കീതുകൂടിയാണ് –" എനിക്കു കേൾക്കാം". വാർദ്ധക്യം ; കാണുകയും കേൾക്കുകയും തിരിച്ചറിയുകയും ചെയ്യുന്നുണ്ട്. എന്നാൽ ആ അവസ്ഥയെ അംഗീകരിക്കാൻ ചെറുപ്പക്കാർ തയ്യാറാകുന്നില്ല.

ഓർമ്മയുടെ ഞരമ്പിലെ സാമൂഹിക ജീവിതത്തിലേയ്ക്കു കടക്കുമ്പോൾ വൃദ്ധയും പെൺകുട്ടിയും ഒരു പേരുകൊണ്ടുപോലും അടയാളപ്പെടുത്താത്തവിധം അടിച്ചമർത്തപ്പെടുന്നവരും നിശ്ശബ്ദരാക്കപ്പെടുന്നവരുമാണ്. കഥയിലാകെ 'വൃദ്ധ' എന്ന സംബോധനയിലൂടെ കേന്ദ്രകഥാപാത്രം സഞ്ചരിക്കുന്നതിനിടയിൽ അവരുടെ പഴയ ഓർമ്മയിൽ മാത്രമാണ് കഥാകാരി "സരസ്വതി" എന്ന പേരുപോലും സൂചിപ്പിക്കുന്നത്. പെൺകുട്ടി എന്ന അവസ്ഥയിൽ നിന്ന് ഭാര്യ എന്ന പദവിയിലേയ്ക്കുള്ള മാറ്റം സ്ത്രീയെ കൂടുതൽ നിശ്ശബ്ദയാക്കുന്നു എന്ന് വൃദ്ധയിലൂടെ വ്യക്തമാക്കുമ്പോൾ, അത്തരം സ്ത്രീ അവസ്ഥകളെ പ്രതിരോധിക്കുകയും പ്രതികരിക്കുകയും മുന്നേറുകയും ചെയ്യാനുള്ള കരുത്ത് പകരുകയാണ് പെൺകുട്ടിയുടെ അവതരണത്തിലൂടെ മീര ചെയ്യുന്നത്.

ആരും സംസാരിക്കാനില്ലാതെ, ആരോടും സംസാരിക്കാതെ തുരുമ്പുപിടിച്ച ശബ്ദത്തിൽ തുടങ്ങുന്ന വൃദ്ധയുടെ കഥ ഓർമ്മകളിൽ കല്പനാസൂനങ്ങളുടെ സൗരഭ്യം വിതറുന്നുണ്ട്. എന്നാൽ ദാമ്പത്യ ജീവിതത്തിലേക്കു കടക്കുമ്പോൾ അവർ ഭർത്താവിനാലും ഭർത്തൃമാതാവിനാലും നിശ്ശബ്ദയാക്കപ്പെടുന്നത് കാണാം. സ്വന്തം ആത്മാവിഷ്കാരത്തിന്റെ സർഗ്ഗാത്മകതയെ ഇരുവരും അടിച്ചമർത്തുന്നുണ്ട്. ജയിലിൽ നിന്നും വന്ന ഭർത്താവിനോട് കഥയെഴുതി എന്നു പറയുന്ന വൃദ്ധ നിശ്ശബ്ദമാക്കപ്പെടുന്നത് കഥാകാരി മനോഹരമായി ചിത്രീകരിച്ചിട്ടുണ്ട്. ഭർത്തൃമാതാവിന്റെ പക്ഷമാകട്ടെ സ്ത്രീ ചോറും കറീം വയ്ക്കാനും പെറാനും ഉള്ള ഒരു ഉപകരണം മാത്രമാണ്.

സംക്രമണത്തിലെ സ്ത്രീയും "ഒരുത്തി" ആണ് ; പേരോ വ്യക്തിത്വമോ ഇല്ല. ശരീരമാണ് അവളെ അടയാളപ്പെടുത്തുന്നത്. പെണ്ണിന്റെ രൂപം സമൂഹത്തിന്റെ പൊതുബോധമാകുന്നത് കവിതയുടെ

ആദ്യഘട്ടത്തിൽ കാണാം. ഏറ്റവും നിർഭാഗ്യയും ദയനീയയുമായ ഒരു സ്ത്രീ ജീവിതമാണ് ഇവിടെ കാണുന്നത്. കടലിരമ്പാത്ത തിരതുളുമ്പാത്ത ഒരായിരം വട്ടം നിവർന്നു നിന്നിട്ടും ചവിട്ടിയരയ്ക്കപ്പെടുകയും നിശ്ശബ്ദയാക്കപ്പെടുകയും പുറപ്പെട്ടേടത്തു തന്നെ തളച്ചിടപ്പെടുകയും ചെയ്യുന്ന പെണ്ണവസ്ഥയെയാണ് കവിത ആദ്യം ആഖ്യാനം ചെയ്യുന്നത്. എന്നാൽ രണ്ടാം ഭാഗത്ത് ഇര വേട്ടക്കാരിയായി മാറുന്ന പരിണാമം ; അടിമ സംഹാരശക്തിയാർജ്ജിക്കുന്ന കാഴ്ച അവതരിപ്പിച്ചു കൊണ്ടാണ് ആറ്റൂർ കവിത അവസാനിപ്പിക്കുന്നത്.

**26 . വൈലോപ്പിള്ളിക്കവിതയിലെ പ്രണയ സങ്കല്പം ഊഞ്ഞാലിൽ എന്ന കവിതയെ മുൻനിർത്തി വിശലനം ചെയ്യുക.**

☑ ഉടുവെള്ളാമ്പൽ പൊയ്കയല്ല ജീവിതത്തിൻ
കടലേ കവിതയ്ക്ക് ഞങ്ങൾക്ക് മഷിപ്പാത്രം

എന്ന് പാടിയ കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ. ജീവിത യാഥാർത്ഥ്യങ്ങളുടെ ഉച്ചവെയിൽ അദ്ദേഹം കവിതയിൽ ആവിഷ്കരിച്ചു. അതേസമയം മഞ്ഞിൽ കുളിരണിഞ്ഞ് നിലാവിൽ സ്വപ്നം കണ്ട് മയങ്ങുന്ന ആതിര രാവിന്റെ കാല്പനികഭംഗിയിൽ അഭിരമിക്കാനും വൈലോപ്പിള്ളിക്ക് കഴിഞ്ഞു. ഈ വൈചിത്ര്യം അദ്ദേഹത്തിന്റെ പ്രണയ സങ്കല്പത്തിലും ഉണ്ട്. കണ്ണീർപ്പാടത്തിൽ, പ്രണയം നഷ്ടമായി നയവും അഭിനയവുമായി മാറുന്ന ദാമ്പത്യത്തിന്റെ പൊള്ളുന്ന യാഥാർത്ഥ്യങ്ങളാണ് കാണുന്നത്. ഊഞ്ഞാലിൽ എന്ന കവിതയിൽ വാർദ്ധക്യത്തിലും പൂത്തുലയുന്ന പ്രണയ വസന്തമാണുള്ളത്. വൈലോപ്പിള്ളിയുടെ കുടുംബ സങ്കല്പത്തിന്റെ ഉപനിഷത്ത് എന്നാണ് പ്രഫ. കെ പി ശങ്കരൻ ഊഞ്ഞാലിൽ എന്ന കവിതയെ വിശേഷിപ്പിച്ചത്.

വൈലോപ്പിള്ളിക്ക് പ്രണയവും ദാമ്പത്യസുഖവും അനുഭവിക്കാനുള്ളതല്ല, സങ്കല്പിക്കാനുള്ളത് മാത്രമാണ് എന്ന് എം എൻ വിജയൻ പറഞ്ഞിട്ടുണ്ട്. അതിന് ഏറ്റവും നല്ല തെളിവാണ് ഊഞ്ഞാലിൽ എന്ന കവിത. 1944 ൽ 33-ാം വയസിലാണ് വൈലോപ്പിള്ളി ഊഞ്ഞാലിൽ എന്ന കവിത എഴുതിയത് - രണ്ടാം ലോകയുദ്ധകാലത്ത്. കവിയുടെ യൗവനത്തിൽ, വാർദ്ധക്യത്തിലെ പ്രണയഭരിതമായ ദാമ്പത്യം സങ്കല്പിച്ച് എഴുതിയ കവിതയാണിത്. വാർദ്ധക്യവും യുദ്ധവും ദുരിതവും ഒന്നും പ്രണയത്തെ ഒരിക്കലും കെടുത്തിക്കളയുന്നില്ല.

മുപ്പതു കൊല്ലത്തെ സഫലമായ ദാമ്പത്യത്തിന് ശേഷവും വൃദ്ധ ദമ്പതികൾ പൊന്നാതിരയെ സന്തോഷത്തോടെ വരവേൽക്കുന്നു. മുറ്റത്തെ പൂത്തമാവിൻ കൊമ്പിൽ കെട്ടിയ ഊഞ്ഞാലിൽ ഒരിമിച്ചാടിക്കൊണ്ട് മഞ്ഞും കുളിരും നിലാവും മാമ്പൂമണവും നിറഞ്ഞ മധുമാസ രാവിന്റെ വശ്യതയിൽ അവർ തിരുവാതിരയെ എതിരേൽക്കുന്നു. അദ്ദേഹത്തിന് ഭാര്യ ഇന്നും പൊന്നാതിരപോലെ സുന്ദരിയാണ്. അവരുടെ ഉദരം മുന്നെപ്പോലെ കൃശമായേ അനുഭവപ്പെടുന്നുള്ളൂ. യുദ്ധവും പഞ്ഞവും മഞ്ഞും ഒക്കെ ജീവിതയാഥാർത്ഥ്യങ്ങളായി വെല്ലുവിളി ഉയർത്തുമ്പോഴും പാടിയാടിക്കളിച്ച് ആതിരയെ വരവേൽക്കുകയാണ് അയൽക്കാരികൾ. ആ പാട്ടിന്റെ പ്രചോദനത്താൽ വൃദ്ധ മുപ്പതു വർഷം മുൻപത്തെ മധുവിധു രാവിലെന്നപോലെ ഊഞ്ഞാൽത്താളത്തിൽ മധുരമായി പാടുന്നു. പുലരി വരുവോളം നീളുന്ന ആ പ്രണയ രാവിനൊടുവിൽ ജീവിതത്തിരക്കുകളിലേക്ക് മടങ്ങുന്നു. പക്ഷേ ആ രാവും തങ്ങളുടെ ഒളിമങ്ങാത്ത പ്രണയവും ആണ് വാർദ്ധക്യത്തെ അർത്ഥവത്താക്കുന്നതെന്ന് ആ വൃദ്ധ ദമ്പതികൾക്കറിയാം.

ജീവിതത്തിന്റെ കൊലക്കുടുക്കാക്കാവുന്ന കയറു കൊണ്ട് തന്നെ ജീവിതോല്ലാസത്തിന്റെ ഊഞ്ഞാൽ കെട്ടുന്നവനാണ് മനുഷ്യൻ. അതുപോലെ വാർദ്ധക്യവും യുദ്ധവും ദുരിതങ്ങളും പോലെയുള്ള ജീവിതയാഥാർത്ഥ്യങ്ങൾ ജീവിതത്തിന്റെ നിറം കെടുത്തിക്കളയാം. അതിനെ അതിജീവിക്കാൻ പ്രണയത്തിന് കഴിയും. വാർദ്ധക്യത്തിലും അണഞ്ഞു പോകാത്ത പ്രണയത്തോടെ ഇരുമെയ് ചേർന്ന് നിന്നാൽ ജീവിതോല്ലാസത്തിന്റെ വേരുറപ്പുണ്ടാവും എന്ന സങ്കല്പമാണ് വൈലോപ്പിള്ളി ഊഞ്ഞാലിൽ എന്ന കവിതയിൽ പങ്ക് വയ്ക്കുന്നത്. അതുകൊണ്ട് തന്നെയാണ് ഊഞ്ഞാലിൽ എന്ന കവിതയെ വൈലോപ്പിള്ളിയുടെ പ്രണയോപനിഷത്ത് ആയി വിശേഷിപ്പിക്കുന്നത്.

hssMozhi

**27 . ജനലിനപ്പുറം ജീവിതം പോലെയി**

**പ്പകൽ വെളിച്ചം പൊലിഞ്ഞ് പോകുന്നതും – പ്രണയാർദ്ര നിമിഷങ്ങൾ നഷ്ടപ്പെട്ടു പോയതിന്റെ വിഹ്വലതയാണ് സന്ദർശനം എന്ന കവിത. ആസ്വാദനക്കുറിപ്പ് തയാറാക്കുക**

☑ ആധുനിക മലയാള കവിതയ്ക്ക് കാല്പനികതയുടെ വശ്യ സൗന്ദര്യം കൂടി പകർന്ന് നൽകിയ കവിയാണ് ബാലചന്ദ്രൻ ചുള്ളിക്കാട്. നിരാശയുടെയും നിരാനന്ദത്തിന്റെയും വിഷാദത്തിന്റെയും നിഴൽപ്പാടുകൾ വീണു കിടക്കുന്ന സന്ദർശനം എന്ന കവിത ആധുനികതയുടെയും കാല്പനികതയുടെയും സവിശേഷതകൾ ഉൾക്കൊള്ളുന്ന കവിതയാണ്.

പ്രണയ ഭരിതവും വിഷാദാർദ്രവുമാണ് സന്ദർശനം എന്ന കവിത. നഷ്ട പ്രണയത്തിന്റെ നീറലും വിഹ്വലതയുമാണ് ആ കവിതയെ ഹൃദയസ്പർശിയാക്കുന്നത്. സന്ദർശകമുറിയിൽ യാദൃച്ഛികമായി കണ്ടുമുട്ടിയ പ്രണയിതാക്കളിലെ ആണിന്റെ ചിന്തകൾ നാടകീയ സ്വഗതാഖ്യാനമായി അവതരിപ്പിക്കുന്ന കവിതയാണിത്. ഇന്നവർ പഴയ പ്രണയിതാക്കളല്ല. ഇനിയൊരിക്കലും നമ്മളന്നത്തെയ പ്രണയിതാക്കളല്ലെന്നും തങ്ങൾ എന്നേ പിരിഞ്ഞ നിഴലുകളാണെന്നും അവർക്കറിയാം. എങ്കിലും അവളെ അരികിൽ കാണുമ്പോൾ നെഞ്ചിടിപ്പിന്റെ താളം മുറുകുന്നതും ശ്വാസത്തിൽ പ്രണയസംഗീതം നിറയുന്നതും ഉള്ളിലിപ്പോഴും കനലാറാതെ കിടക്കുന്ന പ്രണയത്തിന്റെ ചൂട് അനുഭവിപ്പിക്കുന്നു.

ജനാലയ്ക്ക് പുറത്ത് പകൽ വെളിച്ചം മറയും പോലെ ജീവിതത്തിന്റെ പ്രകാശം അണയാൻ പോകുന്നു. വാർദ്ധക്യത്തിന്റെ സായന്തനത്തിലാണവർ ഇരുവരും. പ്രണയഭരിതമായ ഒരു ഭൂതകാലം അവർക്കുണ്ടായിരുന്നു. അവളുടെ കനക മൈലാഞ്ചി നീരിൽ തുടുത്ത വിരൽ ഒന്നു തൊട്ടപ്പോൾ അയാളിൽ കിനാവ് ചുരന്നതും അവളുടെ നെടിയ കണ്ണിലെ കൃഷ്ണകാന്തങ്ങളുടെ കിരണമേറ്റ് അയാൾ എന്ന പൂമരം പൂത്തുലഞ്ഞതും ചിദംബര സന്ധ്യകളിൽ അയാളുടെ ആലിംഗനത്തിൽ അവളുടെ നെറ്റിയിൽ നിന്ന് മാഞ്ഞ സിന്ദൂരം ആകാശത്തിന് ചുവപ്പ് പകർന്നതുമെല്ലാം പ്രണയകാലത്തിന്റെ ഓർമ്മകളായി അയാളെ നീറ്റുന്നു. ഇന്നവർ പഴയ പ്രണയിതാക്കളല്ല. അശാന്തമായ നഗര രാത്രികളിലെ നരക തീർത്ഥം കുടിച്ച് സത്രച്ചുമരുകൾക്കുള്ളിലും തെരുവിലുമായി അലയുന്ന തന്റെ ജീവിതത്തിൽ അവളുടെ ഓർമ പോലും അയാൾക്ക് ആശ്വാസമാണ്. പക്ഷേ അവൾ തന്റേതല്ല. ഉള്ളിലിപ്പോഴും എരിയുന്ന പ്രണയം ഒരു ഗദ്ഗദമായി തൊണ്ടയിൽ തടയുന്നു. ഒരു വാക്കു മിണ്ടിയാൽ അതൊരു വിലാപമായി മാറുമെന്നും അറിയാം. അതിനാൽ കരച്ചിലിന്റെ അഴിമുഖത്തേക്ക് പതിക്കാതെ ഒരു യാത്രാമൊഴി പോലും പറയാതെ മടങ്ങുന്നു. ജീവിതം അസ്തമയം കാത്തിരിക്കുന്നു. ഇനി ഒന്നും മടക്കി കിട്ടില്ല. നഷ്ട പ്രണയത്തിന്റെ നോവിൽ നീറുന്ന മനസിനെ ആശ്വസിപ്പിക്കാൻ ഒരു വഴിയുമില്ല. അനിവാര്യമായ അസ്തമനത്തിലേക്ക് വിഹ്വല ചിന്തകളോടെ നടന്നു പോവുക മാത്രമേ വഴിയുള്ളൂ. നഷ്ട പ്രണയത്തിന്റെ ഈ വിഹ്വലതയാണ് സന്ദർശനമെന്ന കവിതയെ ഉള്ളുപൊള്ളിക്കുന്ന അനുഭവമാക്കുന്നത്. പ്രണയ നഷ്ടത്താൻ പിടയുന്ന ഒരു വിഹ്വല മനസിന്റെ യാത്രാരേഖയായി സന്ദർശനം എന്ന കവിതയെ വിലയിരുത്തുന്നത് അതുകൊണ്ടാണ്.

__തയ്യാറാക്കിയത്__

**അജയകുമാർ ബി , പി ബി വിനോദ്കുമാർ , ദിവ്യ പി എസ് , രേഖ ആർ താങ്കൾ , കൃഷ്ണകുമാരി എസ് എസ് , ശ്രീജ എം , സജി കെ , ബിലു വി ബി , വിജു L N ഉദയകുമാർ എസ്**

പ്രിയ വിദ്യാർത്ഥികളെ ,

**HSS Mozhi** – ഹയർ സെക്കണ്ടറി മലയാളം അധ്യാകരുടെ ഒരു കൂട്ടായ്മയാണ്. + 1 , +2 മലയാളം വിദ്യാർത്ഥികൾക്കാവശ്യമായ പഠന വിഭവങ്ങൾ ഞങ്ങൾ തയ്യാറാക്കുന്നു.

– മൂന്ന് തലത്തിലാണ് അവ ആസൂത്രണം ചെയ്തിരിക്കുന്നത്.

1 . **YouTube Channel** – പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെയും ടീച്ചർ ടെക്സ്റ്റിനെയും കൃത്യമായി പിന്തുടരുന്ന വീഡിയോ ക്ലാസുകൾ ചാനലിൽ ലഭ്യമാക്കിയിരിക്കുന്നു. **Link** : - **Click Here**


2 . **Telegram Channel** : + 1 , +2 ക്ലാസുകൾക്ക് വെവ്വേറെ ചാനലുകൾ ഉണ്ട്. യു ട്യൂബ് ചാനലിലെ ക്ലാസുകൾ ക്രമമായി ഇവിടെ കാണാം. കൂടാതെ പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വിവരങ്ങൾ , ആഡിയോകൾ, വീഡിയോകൾ , മാതൃകാ ചോദ്യങ്ങൾ, ചോദ്യോത്തരങ്ങൾ , നോട്ട് തുടങ്ങിയവ ഇവിടെ ലഭ്യമായിരിക്കും. **+1 Channel Link** : **Click Here**

3 . **Note** – ഓരോ പാഠഭാഗത്തിന്റെയും നോട്ട് തയ്യാറാക്കിയിരിക്കുന്നു.

വീഡിയോ ക്ലാസുകളും നോട്ടും ഉപയോഗിച്ച് പഠനം മുന്നോട്ട് കൊണ്ടുപോവുക. ഫുൾ സ്കോർ നേടാൻ അവ നിങ്ങളെ സഹായിക്കുക തന്നെ ചെയ്യും.

സ്നേഹത്തോടെ,
hssMozhi Team

hssMozhi




PALAMA
പലമ
സ്കൂൾ വിദ്യാർത്ഥികളുടെ രചനകൾ മാത്രം
പ്രസിദ്ധീകരിക്കുന്ന ഒരിടം
ഉടൻ
പ്രസിദ്ധീകരണം
ആരംഭിക്കുന്നു
രചനകൾ വാട്സ് ആപ്പ് , ഇ മെയിൽ
എന്നിവയിലൂടെ അയയ്ക്കാവുന്നതാണ്. pdf വേണ്ട . ക്ലാസ്
ടീച്ചറുടെ സാക്ഷ്യപത്രം വേണം . തെരഞ്ഞെടുക്കുന്നവ
വിലയിരുത്തൽ കുറിപ്പോടുകൂടി
E Book ആയി Amazon ൽ പ്രസിദ്ധീകരിക്കുന്നതാണ്.
E Mail : epublica2020@gmail.com
WhatsApp : 79024 79435
www.epublicatvm.com
ഒരു E PUBLICA TRIVANDRUM പ്രസിദ്ധീകരണം


PALAMA
പലമ
സ്കൂൾ വിദ്യാർത്ഥികളുടെ രചനകൾ മാത്രം
പ്രസിദ്ധീകരിക്കുന്ന ഒരിടം
രചനകൾ വാട്സ് ആപ്പ് , ഇ മെയിൽ
എന്നിവയിലൂടെ അയയ്ക്കാവുന്നതാണ്. pdf വേണ്ട .
ക്ലാസ് ടീച്ചറുടെ സാക്ഷ്യപത്രം വേണം .
തെരഞ്ഞെടുക്കുന്നവ വിലയിരുത്തൽ കുറിപ്പോടുകൂടി
E Book ആയി Amazon ൽ പ്രസിദ്ധീകരിക്കുന്നതാണ്.
ഉടൻ
പ്രസിദ്ധീകരണം
ആരംഭിക്കുന്നു
e publica
www.epublicatvm.com
രചനകൾ
WhatsApp ചെയ്യാൻ
1. P M നാരായണൻ ( 94464 52802 ) പാലക്കാട്, കോഴിക്കോട്
2. C V സുരേഷ് ( 94460 39937 ) തിരുവനന്തപുരം, തൃശൂർ
3. ശിവകുമാർ R P ( 94477 61425 ) കണ്ണൂർ, കാസർഗോഡ്
4. വിനോദൻ T P ( 90489 42433 ) മലപ്പുറം, വയനാട്
5. അജയകുമാർ B ( 94478 03292 ) കൊല്ലം, പത്തനംതിട്ട
6. വിനോദ്കുമാർ P B ( 90482 86010 ) എറണാകുളം, കോട്ടയം
7. അജിതകുമാരി T R ( 94968 17476 ) ഇടുക്കി
8. രേഖ ആർ താങ്കൾ ( 95390 33525 ) ആലപ്പുഴ
E Mail : epublica2020@gmail.com
WhatsApp : 79024 79435
ഒരു E PUBLICA TRIVANDRUM പ്രസിദ്ധീകരണം

hssMozhi